(സി) പ്രസ്തുത ഹോസ്റ്റലുകളിൽ മിക്കവയും പഴകിയതും താമസയോഗ്യ മല്ലാത്തതുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) താമസയോഗ്യമല്ലാത്തതും പഴകിയതുമായ കെട്ടിടങ്ങൾക്കുപകരം പുതിയ കെട്ടിടങ്ങൾ പണിയാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 90 പ്രീ-മെട്രിക് ഹോസ്റ്റലുകളും 17 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 109 പ്രീ-മെട്രിക് ഹോസ്റ്റലുകളും ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റലും പ്രവർത്തിക്കുന്നുണ്ട്.

(ബി) പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) താമസയോഗ്യമല്ലാത്തതും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ ഹോസ്റ്റലുകൾക്ക് സ്ഥിരം കെട്ടിടം പണിയുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂമി ലഭ്യമായ ഹോസ്റ്റലുകൾക്ക് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

പന്തളത്ത് പ്രീ/പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി

12 [592] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികവർഗ്ഗ സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിൻകീഴിൽ പന്തളത്ത് ആരംഭിക്കുന്ന പ്രീ-മെട്രിക് ഹോസ്റ്റലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പന്തളത്ത് ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസം സുഗമമായി നടത്തുന്നതിന് നിർദ്ദിഷ്ട പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണം സമയബന്ധിതമായി തീർക്കുന്ന കാര്യം പരിഗണിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പന്തളം പ്രീ-മെട്രിക് ഹോസ്റ്റലിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കടയ്ക്കാട് വാർഡിൽ 40 സെന്റ് സ്ഥലം ബ്ലോക്ക് പഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. ഈ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കി മേൽനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ നിർദ്ദിഷ്ട പ്രീ-മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണപ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു.

രജനി എസ്. ആനന്ദിന്റെ കുടുംബത്തിന് നഷ്ടപരിഹാരം

13 [593] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജനി എസ്. ആനന്ദ് എന്ന കുട്ടി ആത്മഹത്യ ചെയ്തശേഷം, ഹോസ്റ്റൽ സൗകര്യമില്ലാത്ത കോളേജുകളിലെ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് നൽകുന്ന ആനുകൂല്യത്തിൽ എത്ര രൂപയുടെ വർദ്ധനവ് വരുത്തി എന്ന് വ്യക്തമാക്കുമോ;

(ബി) രജനി എസ്. ആനന്ദിന്റെ കുടുംബത്തിന് നഷ്ടപരിഹാരവും കുടുംബത്തിൽ ഒരാൾക്ക് ജോലിയും നൽകണമെന്ന് പട്ടികജാതി വികസന ഡയറക്ടർ ശുപാർശ ചെയ്തത് എന്നാണ്;

(സി) ഇക്കാര്യത്തിൽ തീരുമാനമെടുക്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗവൺമെന്റ്/സ്ഥാപനം വക ഹോസ്റ്റൽ സൗകര്യമില്ലാത്ത സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹരായ വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് ഹോസ്റ്റലിൽ താമസിക്കുന്നവരുടെ പ്രതിമാസ സ്റ്റൈപെന്റ് 315 രൂപയിൽനിന്നും 1,000 രൂപയാക്കി 6-8-2004-ലെ സ.ഉ. (എം എസ്.) നം. 53/04/പ.ജാ.പ.വ. വിവ. പ്രകാരം 6-8-2004 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) & (സി) ഡയറക്ടറുടെ ശുപാർശ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly